## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

28/06/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ ***445**

### ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക സമ്പദ്‌വ്യവസ്ഥിതി എന്ന നിലയിൽ നിന്ന് സംസ്ഥാനം മാറിപോകുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക് കുറയുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; | **(ബി)** സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക് കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ :-<br>എ) ഉല്പാദന ക്ഷമതയിലെ കുറവ്<br>ബി) കാർഷിക യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തതയും തൊഴിലാളി ക്ഷാമവും.<br>സി) ജലസേചന സൗകര്യക്കുറവ്.<br>ഡി) മണ്ണ് പരിപോഷണത്തിനുള്ള കുറവ്.<br>ഇ) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്.<br>എഫ്) നൂതന ശാസ്ത്രസാങ്കേതിക വിദ്യകൾ വികസിപ്പിച്ച് കർഷകർക്ക് യഥാസമയം എത്തിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ.<br>ജി) കാർഷിക മേഖലയിൽ നിന്നും ക്രമേണ സേവന മേഖലയിലേക്കുള്ള സമ്പദ്‌വ്യവസ്ഥിതി മാറ്റം. |

| | |
|---|---|
| (സി) കാർഷിക മേഖലയിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ള നയപരിപാടികൾ ഈ ദുരവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ഒരു പരിധി വരെ കേന്ദ്ര സർക്കാരിന്റെ കയറ്റിറക്ക് നയങ്ങൾ, അടിസ്ഥാന വില നിർണ്ണയ നയം, മാർക്കറ്റിംഗ് ഏജൻസികളുടെ പ്രവർത്തന രീതികൾ, രാസവിള വില വർദ്ധനവ്, പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുവാനുള്ള കാലതാമസം, പദ്ധതി ഘടകങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതും അവ മാറ്റി നടപ്പാക്കുന്നതിനുള്ള അനുമതി ലഭിക്കുവാനുള്ള കാലതാമസം എന്നിവ സംസ്ഥാന സമ്പദ്വ്യവസ്ഥിതിയെ ബാധിക്കുന്നുണ്ട്. |
| (ഡി) ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൃഷിവകുപ്പ് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ? | (ഡി) കൃഷി വകുപ്പിന്റെ പദ്ധതികൾ എല്ലാം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ഇവയിൽ "നിറവ്" പച്ചക്കറി കൃഷി പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, ഹൈ-ടെക്ക് കൃഷി, തരിശു രഹിത പഞ്ചായത്ത് പദ്ധതി, കാർഷിക കർമ്മസേന, ആത്മ, ലീഡ്സ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ തലത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡും ചേർന്ന് കാർഷിക മേഖലയിൽ നൂതന പദ്ധതികളായ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ബയോപാർക്കുകൾ, ഇൻകം സപ്പോർട്ട് പദ്ധതി, വിള ആരോഗ്യ പരിപാലനം, കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി, കാർഷിക യന്ത്രവൽക്കരണം, കുട്ടനാട് ഹെറിറ്റേജ് പദ്ധതി എന്നിവ 2013-2014 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ